## കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **25.08.2021** മുതൽ **29.08.2021**വരെ)

# കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 68/2021 | തീയ്യതി: 24/08/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 4.5 | 29.0 – 31.0 | 23.0 – 24.0 | 68.0 – 96.0 | 03 – 05 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 25-08-2021 | 26-08-2021 | 27-08-2021 | 28-08-2021 | 29-08-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 10 | 5 | 5 | 5 | 10 |
| കൂടിയ താപനില, °C | 31 | 31 | 31 | 31 | 30 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 4 | 4 | 4 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 230 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 4 | 4 | 4 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | **മിതമായ മഴ ലഭിക്കും.**<br><br>**വിസ്തൃത മഴ പ്രവചനന പ്രകാരം അടുത്ത രണ്ടാഴ്ചകളിൽ പരക്കെ ശരാശരിയേക്കാൾ മഴ ഉണ്ടായേക്കാം.**<br><br>നിലവിലെ ഉയർന്ന താപനിലയും ഒപ്പം വർദ്ധിത അന്തരീക്ഷ ആർദ്രതയും തെങ്ങിൽ കൂമ്പു ചീയൽ, കവുങ്ങിൽ മഹാളി, ഇഞ്ചിയിലും മഞ്ഞളിലും മൂട് ചീയൽ എന്നീ പൂപ്പൽ രോഗങ്ങൾ പടരുന്നതിനെ സഹായിക്കും. ജാഗ്രത പുലർത്തുക, നേരത്തെ കണ്ടെത്തി ചികിൽസിച്ചാൽ വിളനാശം ഒഴിവാക്കാൻ സാധിക്കും |

| | | | |
|---|---|---|---|
| നെല്ല് | കതിര് വരുന്ന സമയം | ചാഴി  | നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക.<br>ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| ഇഞ്ചി, മഞ്ഞൾ | വിവിധ ഘട്ടം | മൂടുചീയൽ  | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും.<br>രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി